# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1135 04.12.2014 -ലെ മറുപടിയ്ക്ക്**

**പുതുതായി അനുവദിച്ച പ്ലസ് ടു സ്കൂളുകളും ബാച്ചുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം.എ. ബേബി | | ശ്രീ. പി. കെ. അബ്ദുറബ്ബ്. (ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് പുതുതായി പ്ലസ് ടു സ്കൂളുകളും ബാച്ചുകളും അനുവദിച്ചത് ശാസ്ത്രീയ പഠനത്തിന്റെയടിസ്ഥാനത്തിലാണോ; എങ്കിൽ പഠനം നടത്തിയത് എപ്രകാരം; വിശദവിവരം ലഭ്യമാക്കുമോ; | (എ) | അല്ല. ഓരോ പ്രദേശത്തേയും വിദ്യാഭ്യാസ ആവശ്യകത തിട്ടപ്പെടുത്തിയ ശേഷമാണ് പുതുതായി പ്ലസ് ടു സ്കൂളുകളും അധിക ബാച്ചുകളും സർക്കാർ അനുവദിച്ചത്. |
| (ബി) | പുതുതായി അനുവദിച്ച പ്ലസ് ടു സ്കൂളുകളിലും ബാച്ചുകളിലും മൊത്തം എത്ര അധ്യാപക/അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചു; പുതുതായി നിയമിക്കേണ്ടതായി വരുന്ന അധ്യാപകർ എത്ര; | (ബി) | പുതിയ സ്കൂളുകളിലേക്കും, ബാച്ചുകളിലേക്കും വേണ്ടിവരുന്ന അധ്യാപക തസ്തികകൾ കണക്കാക്കിയിട്ടില്ല. |
| (സി) | ഇതു മൂലം സർക്കാരിനുണ്ടാകുന്ന അധിക ബാധ്യത എത്രയായിരിക്കുമെന്ന കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉത്തരം (ബി) യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല. |
| (ഡി) | സംസ്ഥാനത്ത് ഒന്നാംക്ലാസ് മുതൽ പത്താംക്ലാസ് വരെ പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ, ഭാവിയിൽ പ്ലസ് ടു സ്കൂളുകളിൽ വിദ്യാർത്ഥികളെ കിട്ടാത്ത അവസ്ഥ സംജാതമാകുമെന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ? | (ഡി) | സംസ്ഥാനത്തെ നിലവിൽ 10-ാം തരം യോഗ്യത നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ കൈക്കൊണ്ട നയപരമായ തീരുമാന പ്രകാരമാണ് ഹയർ സെക്കന്ററി തലത്തിൽ പുതിയ സ്കൂളുകളും അധിക ബാച്ചുകളും അനുവദിച്ചിട്ടുള്ളത്. ഭാവിയിൽ 10-ാം തരത്തിൽ യോഗ്യത നേടുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് പരിഗണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ